**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം– 695001**

## വിജ്ഞാപനം
## എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം എൻ.ആർ.ഐ സർട്ടിഫിക്കറ്റുകൾ പുതിയതായി സമർപ്പിക്കുന്നത് സംബന്ധിച്ച്

2022–23 വർഷത്തെ മെഡിക്കൽ കോഴ്സുകളിലേയ്ക്ക് (KEAM 2022) പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് വഴി പ്രവേശനത്തിനായി അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്ക്, സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ എൻ.ആർ.ഐ ക്വാട്ടാ സീറ്റുകളിലേക്ക് പരിഗണിക്കുന്നതിനായി ബഹു. ഹൈക്കോടതിയുടെ 04.08.2022 ലെ WP(C) No.24275/2022 ഉത്തരവ് അനുസരിച്ച് പുതുതായി സർട്ടിഫിക്കറ്റുകൾ സമർപ്പി ക്കാവുന്നതാണ്. ഓൺലൈൻ അപേക്ഷയിൽ എൻ.ആർ.ഐ സർട്ടിഫിക്കറ്റ് സമർപ്പിക്കാൻ കഴിയാത്ത വിദ്യർത്ഥികൾക്ക് **05.08.2022 മുതൽ 15.08.2022 വൈകിട്ട് 3.00 മണി വരെ** പുതുതായി എൻ.ആർ.ഐ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കാവുന്നതാണ്.

എൻ.ആർ.ഐ സീറ്റിലേക്ക് പരിഗണിക്കപ്പെടാൻ താത്പര്യമുള്ള വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള **'KEAM 2022-Candidate Portal'** എന്ന ലിങ്കിൽ അവരവരുടെ അപേക്ഷാ നമ്പരും, പാസ്‌വേഡും നൽകി ലോഗിൻ ചെയ്ത് ദൃശ്യമാകുന്ന പ്രൊഫൈൽ പേജിൽ ലഭ്യമായ **'Upload NRI Documents'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യാവുന്നതാണ് . എൻ.ആർ.ഐ കാറ്റഗറി തെളിയിക്കുന്നതിനായി ഒന്നിലധികം സർട്ടിഫിക്കറ്റുകൾ വേണ്ടതിനാൽ എല്ലാ സർട്ടിഫിക്കറ്റുകളും കൂടി ഒറ്റ പി.ഡി.എഫ് ഫയൽ ആക്കിയതിനുശേഷം മാത്രം അപ്‌ലോഡ് ചെയ്യുക. എൻ.ആർ.ഐ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുന്നതിന് മുമ്പായി വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ ലഭ്യമായ 06.04.2022 ലെ കേരള എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/ മെഡിക്കൽ/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം സംബന്ധിച്ച വിശദമായ വിജ്ഞാപനത്തിലെ എൻ .ആർ.ഐ ഭാഗം വായിച്ചു മനസ്സിലാക്കേണ്ടതാണ്. ബഹു.സുപ്രീം കോടതിയുടെ 23.03.2020 ലെ WP(C) No.370 വിധി പ്രകാരം കേരളീയേതരനായ രണ്ടാം കാറ്റഗറി വിഭാഗക്കാർക്കും (NK-II) മേൽപറഞ്ഞ തീയതിക്കുള്ളിൽ NRI സർട്ടിഫിക്കറ്റ് സമർപ്പിക്കാവുന്നതാണ്. മേൽ പറഞ്ഞ തീയതിക്കുള്ളിൽ അപ്‌ലോഡ് ചെയ്യാത്ത സർട്ടിഫിക്കറ്റുകളോ നേരിട്ടോ തപാലിലോ ഇ-മെയിലായോ ലഭിക്കുന്ന സർട്ടിഫിക്കറ്റുകളോ യാതൊരു കാരണവശാലും NRI കാറ്റഗറി അനുവദിക്കുന്നതിന് പരിഗണിക്കുന്നതല്ല.

NRI കാറ്റഗറിക്ക് ആവശ്യമായ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുന്നതിന് ഇനി ഒരു അവസരം നൽകുന്നതല്ല.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.08.05 17:12:40 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**05/08/2022**